# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 38 12-6-2012 ന് മറുപടിയ്ക്ക്.

## വനഭൂമി കയ്യേറ്റവും അനധികൃത റിസോർട്ട് നിർമ്മാണവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി;<br>ശ്രീ.സി.മമ്മൂട്ടി ;<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി ; | | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പ്രധാന വന്യമൃഗ സങ്കേതങ്ങളോട് ചേർന്നുള്ള തോട്ടം ഭൂമികളിൽ അനധികൃത റിസോർട്ടുകളുടെ നിർമ്മാണം വർദ്ധിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെന്മാറ ഡിവിഷന്റെ പരിധിയിൽ പറമ്പിക്കുളം വന്യജീവി സങ്കേതത്തോട് ചേർന്നുള്ള എസ്റ്റേറ്റുകളുടെ അനധികൃത റിസോർട്ടുപ്രവർത്തനം നിർത്തി വയ്പ്പിക്കുകയും കാരപ്പാറ എസ്റ്റേറ്റിന്റെ പാട്ടം റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) വന്യമൃഗസങ്കേതങ്ങളോട് ചേർന്ന് സ്വകാര്യ തോട്ടങ്ങൾക്കു വേണ്ടി പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാണോ ; | (ബി) | ലഭ്യമാണ്. |
| (സി) പ്രസ്തുത മേഖലകളിലെ വനഭൂമിയും റവന്യൂ പുറമ്പോക്ക് ഭൂമിയും പ്രത്യേകം അളന്ന് തിരിച്ചിട്ടുണ്ടോ ;ഈ പ്രദേശത്തെ പാട്ടത്തിനെടുത്ത ഭൂമിയിലോ അതിനോടനുബന്ധിച്ച കയ്യേറ്റ ഭൂമിയിലോ റിസോർട്ട് പണി കഴിപ്പിച്ച് കമേർസ്യൽ ബിസിനസ് നടത്താൻ അനുമതി നല്കിയിട്ടുണ്ടോ ;<br>(ഡി) ഇല്ലെങ്കിൽ, അനധികൃത കയ്യേറ്റ ഭൂമിയും നിയമലംഘനം നടത്തി നിർമ്മിച്ച റിസോർട്ടുകളും നിയമാനുസൃതം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) യും (ഡി) യും | വനഭൂമിയും പുറമ്പോക്ക് ഭൂമിയും പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിലൊഴികെ ബാക്കി എല്ലായിടത്തും ഒറ്റപ്പെട്ട കേസുകൾ ഒഴിച്ച് അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട്. വലിയ എസ്റ്റേറ്റുകളുടെ ഉള്ളിൽ സ്ഥിതിചെയ്യുന്ന നിക്ഷിപ്ത വനപ്രദേശങ്ങളും അതിനോടു ചേർന്നുള്ള റവന്യൂ പുറമ്പോക്കുകളും ഇനിയും അളന്നു തിരിക്കാനുണ്ട്. ഈ പ്രദേശത്തെ പാട്ടത്തിനെടുത്ത ഭൂമിയിലോ അതിനോടനുബന്ധിച്ച കയ്യേറ്റഭൂമിയിലോ റിസോർട്ട് പണി കഴിപ്പിച്ച് കമേർസ്യൽ ബിസിനസ് നടത്താൻ വനം വകുപ്പ് അനുമതി നൽകിയിട്ടില്ല.അനധികൃത കയ്യേറ്റ ഭൂമിയും നിയമലംഘനം നടത്തി നിർമ്മിച്ച റിസോർട്ടുകളും നിയമാനുസൃതം ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.